# STD - IX

## അദ്ധ്യാപക സഹായി

**പാഠം - പത്ത്** **ഭാഗം - ഒന്ന്**

## സഭയും വെല്ലുവിളികളും

### ലക്ഷ്യം

യേശുവിന്റെ ശിഷ്യനായിരിക്കുക എന്നത് ഈ ലോകത്തെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളിയാണ്. അത് ക്രിസ്തുവിന്റെ പിന്നാലെയുള്ള ഒരു യാത്രയാണ്. ലോകത്തിന്റെ വഴികളിൽ നിന്ന് വ്യത്യസ്തമായ ഒരു വഴിയും ജീവിതശൈലിയും ക്രിസ്തുവിന്റെ ശിഷ്യത്വം ആവശ്യപ്പെടുന്നു.

ജീവൻ വെടിയേണ്ടിവന്നാലും ക്രിസ്തുസാക്ഷിയായി ക്രിസ്തുവിന്റെ വഴിയിലൂടെ ഞാൻ സഞ്ചരിക്കും.

### പഠനസഹായികൾ

* വചനം. മത്താ. 16:24, മർക്കോസ് 15:19-20, യോഹ. 18:22, അപ്പ. 4:13-20, അപ്പ. 5:40, അപ്പ. 7:54-60, അപ്പ. 12:1-5, അപ്പ. 16:22-23
* പത്രവാർത്തകൾ - പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവസമൂഹത്തിന്റെ

### പാഠത്തിന്റെ ഉള്ളടക്കം

* ക്രിസ്തുശിഷ്യന്റെ വെല്ലുവിളികൾ ഉദാ: മലയിലെ പ്രസംഗം (മത്താ. 5:1-12)
* മതപീഡനങ്ങളിലൂടെ വളരുന്ന സഭ പ്രഥമ രക്തസാക്ഷിയായ സ്തെഫാനോസ്
* യഹൂദരിൽ നിന്നും ജനപ്രമാണികളിൽ നിന്നും സഭ നേരിട്ട വെല്ലുവിളികൾ
* മധ്യയുഗത്തിൽ സഭ നേരിട്ട വെല്ലുവിളികൾ
* പ്രൊട്ടസ്റ്റന്റ് വിപ്ലവം
* കാൽവിനിസം - പ്രെസ്ബിറ്റേറിയൻ സഭ
* സഭാ നവീകരണം - തെന്ത്രോസ് സൂനഹദോസ്

### പ്രാർത്ഥന

ദൈവമേ, ജീവൻ വെടിയേണ്ടിവന്നാലും ക്രിസ്തുവിലുള്ള വിശ്വാസം മുറുകെപിടിച്ചുകൊണ്ട് ഈ ലോകത്ത് ക്രിസ്തുസാക്ഷിയായി ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. ഒരു ക്രിസ്തുശിഷ്യൻ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?
2. അപ്പസ്തോലന്മാരുടെ പ്രഥമദൗത്യം എന്ത്?
3. സഭയുടെ പ്രഥമ രക്തസാക്ഷി ആര്?
4. സഭ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും അറിയപ്പെടുന്ന കാരണം.
5. പ്രൊട്ടസ്റ്റന്റ് വിപ്ലവവും സഭ അതിനെതിരെ എടുത്ത നടപടികളും വിവരിക്കുക.
6. ഇന്നത്തെ ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന പീഡനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക

# STD - IX

## അദ്ധ്യാപക സഹായി

**പാഠം – പത്ത്** **ഭാഗം – രണ്ട്**

## സഭയും വെല്ലുവിളികളും

### ലക്ഷ്യം

ക്രിസ്ത്യാനികളുടെ ഇടയിലെ അനൈക്യം, അന്ധവിശ്വാസങ്ങൾ, അസമത്വങ്ങൾ, നിരീശ്വരപ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മാധ്യമങ്ങൾ, ആഡംബരഭ്രമം എന്നിവ മൂലം സഭ ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്.

ഒരുപാട് പ്രതിസന്ധികളും, വെല്ലുവിളികളും അഭിമുഖീകരിച്ചാണ് സഭ വളർന്നുവന്നതും വളരുന്നതും.

ഞാൻ കൂദാശ സ്വീകരണവും, വി. ഗ്രന്ഥപാരായണവും, നിരന്തരമായ പ്രാർത്ഥനയും വഴി സഭയോട് ചേർന്നുനിന്ന് സഭ നേരിടുന്ന വെല്ലുവളികളെ ചെറുക്കും.

### പഠനസഹായികൾ

* മണിപ്പൂരിൽ സഭ നേരിട്ട പ്രശ്നങ്ങളുടെ ന്യൂസ് പേപ്പർ കട്ടിംഗ്
* യൂ–ട്യൂബ് വീഡിയോ – വടക്കെ ഇന്ത്യയിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സമൂഹം
* ചാർട്ട് – വെല്ലുവിളികൾ – സഭയ്ക്ക് അകത്തും പുറത്തും

### പാഠത്തിന്റെ ഉള്ളടക്കം

* സഭ ഇന്ന് നേരിടുന്ന വെല്ലുവിളികൾ
* സഭയ്ക്ക് അകത്തുള്ളവ
* സഭയ്ക്ക് പുറത്തുനിന്നുള്ളവ
* ഇന്നത്തെ ജീവിത ചുറ്റുപാടിൽ നാം നേരിടുന്ന വെല്ലുവിളികൾ
* കൗദാശിക ജീവിതത്തിൽ താത്പര്യമില്ലായ്മ
* നിരീശ്വരത്വം, വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ മടിക്കുന്നവർ.
* ദൈവകല്പനയുടെ ലംഘനം, ലഹരിപദാർത്ഥങ്ങൾ, മാധ്യമങ്ങൾ, ആഡംബരഭ്രമം.
* ക്രിസ്തുവാകുന്ന പാറമേൽ സ്ഥാപിതമായ സഭ മതമർദ്ദനങ്ങളിലൂടെയും പീഡനങ്ങളിലൂടെയും വളരുകയാണ് ചെയ്തത്
* ലോകാവസാനം വരെ സഭയെ നയിക്കുന്ന സാരഥി ക്രിസ്തുവാണ്.
* സഭയെ നയിക്കുന്ന ആന്തരീകശക്തി പരിശുദ്ധാത്മാവാണ്.
* വി. ഗ്രന്ഥപാരായണവും, കൂദാശകളും, നിരന്തരമായ പ്രാർത്ഥനയും വഴി പുതിയ ആകാശവും പുതിയ ഭൂമിയും പടുത്തുയർത്താൻ സഭയോടൊപ്പം നമുക്ക് പ്രവർത്തനനിരതരാകാം.

## പ്രാർത്ഥന

ദൈവമേ, വിശുദ്ധ ഗ്രന്ഥപാരായണവും, നിരന്തരമായ പ്രാർത്ഥനയും, കൗദാശികജീവിതവും വഴി സഭയോട് ചേർന്നുനിന്ന് സഭ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. സഭയ്ക്ക് അകത്തുനിന്നുള്ള വെല്ലുവിളികൾ ഏവ?
2. സഭയ്ക്ക് പുറത്തുനിന്നുള്ള വെല്ലുവിളികൾ ഏവ?
3. ലോകാവസാനംവരെ സഭയെ നയിക്കുന്ന സാരഥി ആരാണ്.
4. വിശ്വാസത്തിൽ അടിയുറച്ചു ജീവിക്കാൻ മാധ്യമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താം. വിശദീകരിക്കുക.
5. ആദ്ധ്യാത്മികരംഗത്ത് നാമിന്നു നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്ത് ഒരു റിപ്പോർട്ട് തയ്യാറാക്കുക.